LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിര ആവാസ് യോജന

17 (1391) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് ഇപ്പോൾ അനുവദിക്കുന്നത് എത്ര രൂപയാണ്; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണ്;

(ബി) ഈ പദ്ധതിയുടെ പേര് ഇപ്പോൾ മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ പദ്ധതിയുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ഐ.എ.വൈ. പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിലായി റാന്നി, കോയിപ്രം, മല്ലപ്പള്ളി, ഇലന്തൂർ ബ്ലോക്കുകളിലൂടെ 2011 മുതൽ ഇതേവരെ അനുവദിച്ചതും, നിർമ്മാണം പൂർത്തിയാക്കിയതുമായ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; പൂർത്തിയാക്കാത്തവയുടെ എണ്ണവും കാരണവും വ്യക്തമാക്കാമോ;

(ഡി) ധനസഹായം അനുവദിച്ചവർക്ക് വിതരണം ചെയ്യാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; കുടിശ്ശിക തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധനവുമൂലം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീടിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിർമ്മാണം മുടങ്ങിക്കിടക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി അധിക തുക അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകുന്ന സംസ്ഥാന സർക്കാറിന്റെ വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വിട് നിർമ്മാണത്തിന് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3,50,000 രൂപയും, പട്ടിക ജാതി വിഭാഗങ്ങൾക്ക് 3 ലക്ഷം രൂപയും പൊതു വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയുമാണ് സംസ്ഥാന സർക്കാർ

അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇതിൽ 42,000 രൂപ കേന്ദ്ര സർക്കാരും ശേഷിക്കുന്ന 28,000 രൂപ സംസ്ഥാന സർക്കാരും വഹിക്കുന്നു.

(ബി) ഈ പദ്ധതിയുടെ പേര് മാറ്റിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഐ.എ.വൈ.പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലം ഗുണഭോക്താക്കൾക്ക് അധിക സംസ്ഥാന വിഹിതം നൽകുന്നതിൽ കടിശ്ശിക ഉണ്ടായിരുന്നു. ആയത് തീർക്കുന്നതിനുവേണ്ടി 500 കോടി രൂപ അനുവദിച്ച് കടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതാണ്.

(ഇ) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി ഐ.എ.വൈ. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് പൊതു വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷം രൂപയായും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) സാമ്പത്തിക പരാധീനതമൂലം മുടങ്ങി കിടക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയുള്ള വായ്പ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകിവരുന്ന സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇന്ദിര ആവാസ് യോജന

18 (1392) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ പദ്ധതി പ്രകാരം. 2015-16 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ വിവിധ ബ്ലോക്കുകളിലായി എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വീടുകളുടെ സർക്കാർ വിഹിതം എത്ര ; ഇതിൽ ഇതുവരെ നൽകിയ തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly